**പതിനാലാം കേരളനിയമസഭ**
**പതിനൊന്നാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 175 | 04.06.2018-ൽ മറുപടിക്ക് |
|---|---|

**സാമൂഹ്യമാധ്യമങ്ങളിലൂടെ വ്യക്തിഹത്യ**

| | ചോദ്യം<br>ശ്രീ. സണ്ണി ജോസഫ് | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | സാമൂഹ്യമാധ്യമങ്ങളിലൂടെ വ്യക്തിഹത്യ നടത്തുന്നതും തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ ശക്തമായ ബോധവൽക്കരണം നടത്തുന്നതിനും വ്യാജ വാർത്തകൾ സൃഷ്ടിച്ച് സമൂഹത്തിൽ പരിഭ്രാന്തി സൃഷ്ടിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും അടിയന്തര നടപടി കൈക്കൊള്ളുമോ; വിശദമാക്കാമോ? | (ബി) | സാമൂഹ്യമാധ്യമങ്ങൾ ഉപയോഗിച്ചുള്ള വ്യക്തിഹത്യ നടത്തുക, തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുക തുടങ്ങിയ കുറ്റകൃത്യങ്ങൾ തടയുന്നതിനായി സംസ്ഥാനത്ത് പോലീസ് സൈബർ സെല്ലിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസുകൾ, ലഘുലേഖകളുടെ വിതരണം,ഔദ്യോഗിക ഫെയ്സ്ബുക്ക് പേജിലൂടെ അറിയിപ്പുകൾ നൽകുക തുടങ്ങിയവ നിരന്തരം നടത്തപ്പെടുന്നു. കൂടാതെ, സോഷ്യൽ മീഡിയ മോണിറ്ററിംഗ് സെല്ലും രൂപീകരിച്ചിട്ടുണ്ട്. ഈ സെല്ലിന്റെ പ്രവർത്തനങ്ങളാൽ സമൂഹത്തിന് ദോഷകരമായ രീതിയിൽ പെരുമാറുന്ന സോഷ്യൽ മീഡിയാ ഗ്രൂപ്പുകളേയും അക്കൗണ്ടുകളേയും നിരീക്ഷിക്കുകയും ഓൺലൈൻ പട്രോളിംഗ് തുടങ്ങിയ മുൻകരുതൽ സ്വീകരിക്കുകയും ചെയ്യുന്നു. സമൂഹത്തിൽ പരിഭ്രാന്തി സൃഷ്ടിക്കുന്ന ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ നിലവിലുള്ള നിയമങ്ങൾ പ്രകാരം |

| | | | |
|---|---|---|---|
| | | | കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ